"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- കൊപ്രയുടെ താങ്ങുവില (PSS) പദ്ധതി - 2023 പ്രകാരം കർഷകരിൽ നിന്നും ഗുണനിലവാരമുള്ള കൊപ്ര (FAQ) സംഭരിച്ച് നാഫെഡിന് കൈമാറുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ സി എ ) വകുപ്പ്**

സ.ഉ.(കൈ) നം.47/2023/AGRI തീയതി,തിരുവനന്തപുരം, 23-05-2023

---

പരാമർശം:-

1. 9.2.2022 ലെ സ.ഉ (കൈ) നം.8/2022/കൃഷി
2. 23.2.2022 ലെ സ.ഉ (കൈ) നം. 13/2022/കൃഷി
3. 4.3.2022 ലെ സ.ഉ (കൈ) നം. 16/2022/കൃഷി
4. 16.5.2022 ലെ സ.ഉ (കൈ) നം. 34/2022/കൃഷി
5. 3.11.2022 ലെ സ.ഉ (സാധാ) നം. 951/2022/കൃഷി
6. 8.11.2022 ലെ സ.ഉ (സാധാ) നം 987/2022/കൃഷി
7. 24.3.2023 ലെ സ.ഉ (കൈ) നം. 22/2023/ കൃഷി
8. 29.3.2023 ലെ സ.ഉ (കൈ ) നം. 26/2023/കൃഷി
9. കൃഷി വകുപ്പ് ഡയറക്ടറുടെ 30.3.2023 ലെ ADFW/2507/2023-TM 2 നമ്പർ കത്ത്.

**ഉത്തരവ്**

കൊപ്രയുടെ താങ്ങുവില (PSS) പദ്ധതി പ്രകാരം കർഷകരിൽ നിന്നും ഗുണനിലവാരമുള്ള കൊപ്ര (FAQ) സംഭരിച്ച് നാഫെഡിന് കൈമാറുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിച്ച് പരാമർശം (1), (3), (6), (7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൊപ്ര സംഭരണം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല ഏജൻസികളായി മാർക്കറ്റ്ഫെഡിനേയും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനെയും (വി.എഫ്.പി.സി.കെ) ഉൾപ്പെടുത്തി പരാമർശം (4), (5) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) കൊപ്രയുടെ താങ്ങുവില (PSS) പദ്ധതി 2023 പ്രകാരം കർഷകരിൽ നിന്നും ഗുണനിലവാരമുള്ള കൊപ്ര (FAQ) സംഭരിച്ച് നാഫെഡിന് കൈമാറുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ പ്രൊപ്പോസൽ കൃഷി വകുപ്പ് ഡയറക്ടർ പരാമർശം (9) പ്രാകാരം സമർപ്പിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കൊപ്രയുടെ താങ്ങുവില (PSS) പദ്ധതി 2023 പ്രകാരം കർഷകരിൽ നിന്നും ഗുണനിലവാരമുള്ള കൊപ്ര

(FAQ) സംഭരിച്ച് നാഫെഡിന് കൈമാറുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I) 2023 സീസണിൽ മാർക്കറ്റ്ഫെഡിനെയും വി.എഫ്.പി.സി.കെയും കൊപ്ര സംഭരണത്തിനുള്ള സ്റ്റേറ്റ് ലെവൽ ഏജൻസിയായി (SLA) ചുമതലപ്പെടുത്തുന്നു.

II) 2022 സീസണിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതിയോടെ മാർക്കറ്റ്ഫെഡിൻ കീഴിൽ രജിസ്റ്റർ ചെയ്ത് സംഭരണം നടത്തിവന്ന പ്രാദേശിക സംഘങ്ങൾ മുഖേന മാർക്കറ്റ്ഫെഡിന് 2023 സീസണിൽ സംഭരണം ആരംഭിക്കുന്നതിന് അനുമതി നൽകുന്നു.

III) സംഭരണ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഏകോപിക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

**<u>സംസ്ഥാതല മോണിറ്ററിംഗ് കമ്മിറ്റി</u>**

1. സെക്രട്ടറി, കൃഷി വകുപ്പ് - ചെയർമാൻ
2. ഡയറക്ടർ, കൃഷി വകുപ്പ് - കൺവീനർ
3. സെക്രട്ടറി, സഹകരണ വകുപ്പ് - അംഗം
4. രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് - അംഗം
5. ചെയർമാൻ, സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസസ് ബോർഡ് - അംഗം
6. ചീഫ് കോക്കനട്ട് ഡെവലപ്മെന്റ് ഓഫീസർ, നാളികേര വികസന ബോർഡ് - അംഗം
7. അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ് - അംഗം
8. നാഫെഡ് പ്രതിനിധി - അംഗം

**<u>ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി</u>**

1. ജില്ലാ കളക്ടർ - ചെയർമാൻ
2. ജോയിന്റെ രജിസ്ട്രാർ, സഹകരണ വകുപ്പ് - കൺവീനർ
3. ജില്ലാ കൃഷി ഓഫീസർ - അംഗം
4. നാഫെഡ് പ്രതിനിധി - അംഗം
5. വി.എഫ്.പി.സി.കെ പ്രതിനിധി - അംഗം
6. മാർക്കറ്റ്ഫെഡ് പ്രതിനിധി - അംഗം

ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി സംഭരണ - സംസ്കരണത്തിനുള്ള 2023 സീസണിലെ സഹകരണ സംഘങ്ങളെ / SKS കളെ തെരഞ്ഞെടുക്കേണ്ടതാണ്.

IV) സഹകരണസംഘങ്ങൾ/SKS/VFPCK-യുടെ സ്വാശ്രയ കർഷക സംഘങ്ങൾ താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ച് FAQ നിലവാരത്തിലുള്ള മില്ലിംഗ് കൊപ്ര സംഭരിക്കേണ്ടതാണ്.

| Sl.No | Characteristics | Maximum limits of tolerance for FAQ |
|---|---|---|
| 1 | Foreign matter % by max | 1.0 |
| 2 | Mouldy & Kernels % by count max | 10.0 |

| | | |
|---|---|---|
| 3 | Wrinkled Kernels % by count max | 10.0 |
| 4 | Chips % by weight max | 10.0 |
| 5 | Moisture content % by weight max | 6.0 |

V) സംഭരണവുമായി ബന്ധപ്പെട്ട് നാഫെഡിന്റെ ഇ-സമൃദ്ധി പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് മാത്രമേ താങ്ങുവില പ്രകാരം ആനുകൂല്യം ലഭിക്കുകയുള്ളൂ. ഇതിലേയ്ക്കായി കർഷകരുടെ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക്, ഭൂനികുതി രസീത്, കൃഷി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

VI) പ്രാദേശിക കൊപ്രാ സംഭരണത്തിനായി തെരെഞ്ഞെടുക്കപ്പെടുന്ന സംഘങ്ങൾ/VFPCK-യുടെ സ്വാശ്രയ കർഷക സംഘങ്ങൾ (SKS) താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

1. മില്ലിംഗ് FAQ കൊപ്ര ക്വിന്റലിന് 10,860/- രൂപ നിരക്കിൽ സംഭരിക്കേണ്ടതാണ്.

2. എല്ലാ സർക്കാർ ഉത്തരവുകളിലേയും മാർഗ്ഗരേഖ കർശ്ശനമായും പാലിക്കേണ്ടതാണ്.

3. കൊപ്ര സംഭരണത്തിൽ ഏർപ്പെടുന്ന സംഘങ്ങളിൽ പച്ചത്തേങ്ങ സംഭരണം നടത്തുന്ന സംഘങ്ങൾക്ക് ആവശ്യമായ ഗോഡൗൺ സൗകര്യങ്ങളും ഉണക്കാനുള്ള സൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

4. സ്വന്തമായി ഗോഡൗൺ/ ഉണക്കൽ സൗകര്യങ്ങൾ എന്നിവ ഇല്ലാത്ത സംഘങ്ങൾക്ക് വാടകയ്ക്ക് സൗകര്യപ്പെടുത്തുന്നതിന് സഹകരണ വകുപ്പിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതും ബന്ധപ്പെട്ട രേഖകൾ SLA യ്ക്ക് സമർപ്പിക്കേണ്ടതുമാണ്. കൊപ്ര സംഭരിക്കുന്നതിനായി യാതൊരു കാരണവശാലും സ്വകാര്യ ഏജൻസികളെ സംഘങ്ങൾ/SKS-കൾ നിയമിക്കാൻ/ചുമതലപ്പെടുത്തുവാൻ പാടുള്ളതല്ല.

5. ഏതെങ്കിലും സംഘങ്ങളിൽ നേരത്തേ സംഭരിച്ച കൊപ്രയിൽ ബാക്കി വന്ന സ്റ്റോക്കിന് താങ്ങുവില അനുസരിച്ചുള്ള പുതിയ നിരക്ക് നൽകുന്നതല്ല.

6. സംഘങ്ങൾ സംഭരിക്കുന്ന കൊപ്ര അതാത് സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്ന കർഷകർ ഉത്പാദിപ്പിക്കുന്നതാണെന്ന് ഉറപ്പ് വരുത്തേണ്ടതും അവർ തരുന്ന വിവരങ്ങളുടെ നിജസ്ഥിതി അന്വേഷിച്ച് ബോധ്യപ്പെടേണ്ടതുമാണ്. കൊപ്ര സംഭരണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് സംഘത്തിനായിരിക്കും.

7. കൊപ്രയോടൊപ്പം കർഷകനേയും ഉൽപ്പന്നത്തേയും സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് പൂരിപ്പിച്ച്, ഒപ്പ് വാങ്ങി ഫയൽ ചെയ്യേണ്ടതാണ്. തുടർന്ന് കൃഷി വകുപ്പ് നൽകുന്ന വിവരങ്ങളുടേയും, സ്റ്റേറ്റ്മെന്റിലേയും വിവരങ്ങൾക്കനുസൃതമായി ഒരു രജിസ്റ്ററിൽ ഓരോ കർഷകനും ഓരോ ഫോളിയോ നൽകി സംഭരണ കാലയളവിൽ ടിയാനിൽ നിന്നും ലഭിക്കുന്നതും ലഭിക്കാവുന്നതുമായ കൊപ്രയുടെ

ഏകദേശകണക്ക് നോക്കി ഉൽപ്പന്നത്തിന്റെ നിജസ്ഥിതി ഉറപ്പുവരുത്തേണ്ടതാണ്.

8. കൊപ്ര നൽകുന്നത് യഥാർത്ഥ കർഷകനാണെന്ന് ഉറപ്പുവരുത്തേണ്ട ചുമതല സംഭരണ അതോറിറ്റിയായ സംഘം/ഏജൻസിയ്ക്ക് ആയിരിക്കും. ഇതിനായി വേണ്ടുന്ന സർട്ടിഫിക്കറ്റ് ആവശ്യാനുസരണം ബന്ധപ്പെട്ട കൃഷി ഓഫീസർ/കൃഷി ഫീൽഡ് ഓഫീസറിൽ നിന്നും വാങ്ങേണ്ടതാണ്.

9. കൃഷി ഓഫീസർമാർ നൽകുന്ന സർട്ടിഫിക്കറ്റുകൾ ഉൾപ്പടെയുള്ള എല്ലാ രേഖകളും രജിസ്റ്ററുകളും സംഘങ്ങൾ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന സമയങ്ങളിൽ പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്.

10. സംഭരണം സംബന്ധിച്ച എല്ലാ രേഖകളും റിക്കോർഡുകളും രജിസ്റ്ററുകളും സംഘങ്ങൾ കൃത്യമായും ഭദ്രമായും ഭാരത സർക്കാരിന്റെ പരിശോധനയും നാഫെഡിന്റെ സി.എ.ജി ആഡിറ്റും കഴിയുന്നതുവരെ സൂക്ഷിയ്ക്കേണ്ടതാണ്.

11. മില്ലിംഗ് കൊപ്ര നൽകുന്ന കർഷകന് കൊപ്രയുടെ വിലയായി കിലോഗ്രാമിന് 108.60 രൂപ നിരക്കിൽ കൊപ്ര നൽകി മൂന്ന് ദിവസത്തിനകം തുക കർഷകന്റെ അക്കൗണ്ടിൽ നേരിട്ട് സംസ്ഥാനതല ഏജൻസികൾ ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. ഈ വിധമുള്ള കൊപ്ര സംഭരണത്തിൽ കേരളാ സർക്കാരിന് മറ്റ് ബാദ്ധ്യതകൾ ഉണ്ടാകുന്നതല്ല.

12. കർഷകർ പച്ചത്തേങ്ങ പ്രാഥമിക സഹകരണ സംഘങ്ങളിൽ/VFPCK-.യുടെ SKS-കളിൽ എത്തിക്കുന്ന അവസരത്തിൽ പ്രത്യേകം രസീത് നൽകേണ്ടതും, ബന്ധപ്പെട്ട എസ്.എൽ.എ-യെ വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്. അതുപോലെ അന്നേ ദിവസം മുതൽ ഏഴ് ദിവസത്തിനകം പച്ചത്തേങ്ങ കൊപ്രയാക്കി മാറ്റുന്നതിന് ബന്ധപ്പെട്ട സഹകരണസ്ഥാപനങ്ങൾ/SKS-കൾ ബാധ്യസ്ഥരാണ്.

13. പച്ചത്തേങ്ങയിൽ നിന്നും 30% കൊപ്ര ലഭിക്കുമെന്ന കണക്കിൽ ഇതിൽ 27% നാളീകേരത്തിന്റെ വിലയായും 3% നാളീകേരം സംസ്കരിച്ച് കൊപ്രയാക്കുന്നതിനുള്ള ചിലവായും കണക്കാക്കാവുന്നതാണ്. പ്രാഥമിക സഹകരണ സംഘങ്ങളിൽ പച്ചത്തേങ്ങ നൽകുന്ന കർഷകന് 108.60 രൂപ ആധാരമാക്കി കിലോഗ്രാമിന് 29.322 രൂപയാണ് SLA കർഷകന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടത്. ഒരു കിലോയ്ക്ക് 2.678 രൂപ പ്രകാരമുള്ള തുക SLA കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഇ-പോർട്ടൽ മുഖേന ട്രാൻസ്ഫർ ചെയ്യേണ്ടത്. എന്നാൽ 1.4.2023 മുതൽ പച്ചത്തേങ്ങയുടെ സംഭരണവില 34 രൂപയായി ഉയർത്തിയ സാഹചര്യത്തിൽ കിലോഗ്രാമിന് 4.678 രൂപ (2.678+2 രൂപ) നിരക്കിൽ സംസ്ഥാന വിഹിതമായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് SLA നൽകേണ്ടതാണ്.

14. പച്ചത്തേങ്ങ സംഭരിച്ച് മില്ലിംഗ് കൊപ്രയാക്കി നാഫെഡിന് നൽകി പോർട്ടലിൽ രേഖപ്പെടുത്തിയശേഷം ആയതിന്റെ കണക്ക് SLA-യിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് ഒരു കിലോഗ്രാം പച്ചത്തേങ്ങയ്ക്ക് 4.678 രൂപ പ്രകാരമുള്ള തുക സർക്കാരിൽ നിന്ന് അനുവദിക്കുന്ന മുറയ്ക്ക് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഇ-പോർട്ടൽ മുഖേന SLA

ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

15. പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി നൽകുന്നതിന് അടിസ്ഥാന സൗകര്യമുള്ള സംഭരണ ഏജൻസികൾ സംഭരിച്ച പച്ചത്തേങ്ങ ഏഴ് ദിവസത്തിനുള്ളിൽ കൊപ്രയാക്കേണ്ടതും സംസ്കരണ ചെവലായി കണക്കാക്കുന്ന 3% കഴിഞ്ഞുള്ള ഭാഗമായ 27% കൊപ്ര, നാഫെഡിന്റെ ഇ-സമൃദ്ധി പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ പ്രക്രിയയ്ക്ക് ശേഷം മാത്രമേ കർഷകർക്ക് പച്ചത്തേങ്ങ സംഭരണവില എസ്.എൽ.എ (മാർക്കറ്റ്ഫെഡ്/ വി.എഫ്.പി.സി.കെ) അനുവദിക്കുകയുള്ളൂ.

16. പച്ചത്തേങ്ങ കർഷകർ എത്തിക്കുകയും കൊപ്രയാക്കി നാഫെഡിന്റെ ഗോഡൗണിൽ എത്തിക്കുകയും ചെയ്യുന്ന സാഹചര്യം ദുരുപയോഗം ചെയ്യപ്പെടാതിരിക്കപ്പെടാനുള്ള നടപടികൾ SLA-കൾ നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. കർക്കശമായ പരിശോധനാ സംവിധാനം സർക്കാർ ഏർപ്പെടുത്തുന്നതാണ്.

17. വെയർഹൗസ് ഗോഡൗണിലേയ്ക്ക് കയറ്റി അയയ്ക്കുന്ന കൊപ്ര നിറച്ച ചാക്കുകൾക്ക് നല്ല ഗുണനിലവാരമുള്ളതും, തുന്നിക്കെട്ടലുകൾ തുടങ്ങിയവ ഇല്ലാത്തതുമായിരിക്കണം. ഈ ചാക്കുകളിൽ നാഫെഡ് നൽകുന്ന QR Code തുന്നിച്ചേർക്കേണ്ടതുമാണ്. ചാക്കുകളിൽ നിറച്ച കൊപ്രയുടെ Net weight 50 കി.ഗ്രാമും, Gross Weight 51 കി.ഗ്രാമും ആയിരിക്കേണ്ടതാണ്.

18. സംഘം/VFPCK യുടെ കീഴിലെ സ്വാശ്രയകർഷക സംഘങ്ങൾ (SKS) സംഭരിക്കുന്ന കൊപ്ര നാഫെഡ് നിർദ്ദേശിക്കുന്ന വെയർഹൗസ് ഗോഡൗണുകളിലേയ്ക്ക് എസ്.എൽ.എ-യുമായി ആലോചിച്ചശേഷം ഡെലിവറി ചെല്ലാൻ E-Way ബില്ല് എന്നിവ നൽകി നാഫെഡിന്റെ CWC/SWG ഗോഡൗണുകളിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

19. വെയർഹൗസുകളിൽ എത്തിക്കുന്ന കൊപ്രയുടെ ഗുണനിലവാരം അവിടെ വച്ച് നാഫെഡ് നിയമിച്ചിട്ടുള്ള സ്വതന്ത്ര സർവ്വേയർമാർ പരിശോധിച്ച് ഉറപ്പാക്കിയശേഷമേ സ്വീകരിക്കുകയുള്ളൂ. ഗുണനിലവാര നിബന്ധനകൾ പാലിക്കാത്ത കൊപ്ര സ്റ്റോക്ക് തിരസ്കരിക്കപ്പെടുന്നതാണ്. ഗുണനിലവാരമില്ലാത്ത കൊപ്രയുടെ പൂർണ്ണ ഉത്തരവാദിത്വം സംഭരണ സംഘങ്ങൾക്ക്/SKSകൾക്ക് മാത്രമായിരിക്കും.

20. വെയർഹൗസിൽ നിന്നും ലഭിക്കുന്ന വെയർഹൗസ് രസീതിയുടെ അസ്സലും, ക്ലെയിം സ്റ്റേറ്റ്മെന്റും SLA-യ്ക്ക് സംഘങ്ങൾ/SKSകൾ താമസംവിനാ കൈമാറേണ്ടതും,SLA-കൾ ഉടൻതന്നെ നാഫെഡിന് സമർപ്പിക്കേണ്ടതുമാണ്.

21. കൊപ്രാ സംഭരണം നടത്തുന്ന സംഘങ്ങൾക്ക്/SKSകൾക്ക് കൊപ്രയുടെ വിലയ്ക്ക് പുറമേ നാഫെഡ് അനുവദിച്ചുതരുന്ന മറ്റ് തുകകൾ ലഭിക്കുന്നതാണ്.

| Sl. | | |
|---|---|---|

| No | Particulars | Rate |
|---|---|---|
| 1 | Administrative Expenses | 2% MSP to be shared equally between State Level Agency and Primary Level Agency (MSP is Rs. 10860/-PQtl) |
| 2 | Handling and Loading Expenses at procurement centre. | Rs. 77/- PQtl |
| 3 | Cost of Gunny including GST | Rs. 72/- PQtl |
| 4 | Unloading charges including weighment at storage centre | Rs. 27.50/- PQtl |
| 5 | Transportation Charges | PMT Net |
| | Up to 05 Km | Rs.256.00 Plus Rs. 0 for every Km exceeding 0 Km |
| | 06-10 Km | Rs. 256.00 Plus Rs. 3.53 for every Km exceeding 5 Km |
| | 11-20 Km | Rs. 274.00 Plus Rs. 5.40 for every Km exceeding 10 Km |
| | 21-40 Km | Rs. 328 .00 Plus Rs.4.27 for every Km exceeding 20 Km |
| | 41-60Km | Rs. 413.00 Plus Rs. 5.45 for every Km exceeding 40 Km |

22. സംഘങ്ങൾ/SKS-കൾ ഓരോ ദിവസവും വാങ്ങുന്ന കൊപ്രയുടെ സ്റ്റോക്ക് വിവരങ്ങൾ അടുത്ത പ്രവർത്തി ദിവസം രാവിലെ 11 മണിയ്ക്ക് മുമ്പായി ബന്ധപ്പെട്ട ഫീൽഡ്/റീജണൽ/ജില്ലാ ആഫീസിനെ അറിയിക്കേണ്ടതാണ്. കൂടാതെ, എല്ലാ വെള്ളിയാഴ്ചകളിലും SLA-കളിൽ ലഭിക്കത്തക്കവണ്ണം സംഭരണം സംബന്ധിച്ചുള്ള വാരാന്ത്യ റിപ്പോർട്ടുകളും സമർപ്പിക്കേണ്ടതാണ്.

23. പച്ചത്തേങ്ങ സംഭരണത്തിനായി ഒരു തെങ്ങിൽ നിന്നും സംഭരിക്കുന്ന പച്ചത്തേങ്ങയുടെ പരമാവധി എണ്ണം 50 ൽ നിന്നും 70 ആയി കണക്കാക്കി നിശ്ചയിച്ചിട്ടുണ്ട്.

24. സംഭരണ ക്രമക്കേടുകൾ ഉണ്ടെന്ന ആക്ഷേപമുയർന്നാൽ അത്തരം വിഷയങ്ങളെ സംബന്ധിച്ച് കൃഷി ഡയറക്ടറേറ്റിലെ വിജിലൻസ് സെൽ വിശദമായ അന്വേഷണം

നടത്തുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, തിരുവനന്തപുരം
ബ്രാഞ്ച് മാനേജർ, നാഫെഡ്, കൊച്ചി
മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ്, കൊച്ചി
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വി.എഫ്.പി.സി.കെ, എറണാകുളം
മാനേജിംഗ് ഡയറക്ടർ, കേര ഫെഡ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡ്, തിരുവനന്തപുരം
ചീഫ് കോക്കനട്ട് ഡെവലപ്പ്മെന്റ് ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി
എല്ലാ കൃഷി ഓഫീസർമാർക്കും (കൃഷി വകുപ്പ് ഡയറക്ടർ മുഖേന )
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ& ഇ ) , കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി ( AGRI-NCA1/3/2022-AGRI-Part(1) )

ഉത്തരവിൻ പ്രകാരം
Signed by
Archana.b.p
Date: 23-05-2023 15:27:13
സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. കൃഷി വകുപ്പ് മന്ത്രിയുടെ പി എസ് ന്
2. കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്
3. കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്